പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3539 — 24/06/2013-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

ചോദ്യം — മറുപടി

ശ്രീ.ആർ.രാജേഷ് : കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ലാപ്ടോപ്പ് വിതരണം ചെയ്യുന്ന ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയത്; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പ് കമ്പ്യൂട്ടർ അധിഷ്ഠിത വിഷയങ്ങൾ ഉൾപ്പെടെ എല്ലാ പ്രൊഫഷണൽ കോഴ്സുകൾക്കും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ലാപ് ടോപ്പുകൾ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാ ക്കിയിരുന്നു. |
| (ബി) | എത്ര രൂപ വിലയുള്ള ലാപ്ടോപ്പുകളാണ് വിതരണം ചെയ്തത്; | (ബി) | 44821 /- രൂപവിലയുള്ള ലാപ് ടോപ്പുകളാണ് 2012-13-ൽ വിതരണം ചെയ്തത്. |
| (സി) | ഏതു കമ്പനിയുടെ ഏതു മോഡൽ ലാപ്ടോപ്പാണ് വിതരണം ചെയ്തത്; | (സി) | എയ്സർ കമ്പനിയുടെ i5 with windows 7 professional (DGS&D) ഉത്തരവ് പ്രകാരം (ഐറ്റം നമ്പർ 27) ലഭ്യമായ ലാപ്ടോപ്പുകൾ ആണ് വിതരണം ചെയ്തത്. |
| (ഡി) | വിതരണം ചെയ്ത ലാപ് ടോപ്പുകൾക്ക് ഓപ്പൺ മാർക്കറ്റുകളെക്കാൾ കൂടിയ വിലയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിൽ ക്രമക്കേട് നടന്നിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) | വിതരണം ചെയ്യപ്പെട്ട കമ്പ്യൂട്ടറുകൾ ഇന്ത്യാഗവൺമെന്റിന്റെ ഡയറക്ടർ ജനറൽ ഓഫ് സപ്ലൈസ് & ഡിസ്പോസൽസ് തന്നാണ്ടിൽ നിശ്ചയിച്ചിട്ടുള്ള റേറ്റ് കോൺട്രാക്ട് നിരക്കിലാണ് വാങ്ങി നൽകിയത്. ഡയറക്ടർ ജനറൽ ഓഫ് സപ്ലൈസ് & ഡിസ്പോസൽസിന്റെ ചട്ടങ്ങളനുസരിച്ച് ആ വിലയിൽ കൂടുതലോ കുറവോ നൽകാനാവില്ല. ഇക്കാര്യത്തിൽ യാതൊരു ക്രമക്കേടുകളും നടന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ